(സി) വിദേശത്ത് മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്കുള്ള സാന്ത്വന പദ്ധതിയിൻ കിഴിൽ 1580 കുടുംബങ്ങൾക്കും കാരുണ്യപദ്ധതിയിൻ കീഴിൽ 35 കുടുംബങ്ങൾക്കും ചെയർമാൻ ഫണ്ടിൽനിന്നും 713 കുടുംബങ്ങൾക്കും കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ധനസഹായം നൽകിയിട്ടുണ്ട്.

പ്രവാസി മലയാളികൾ

77 (2710) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾ 2014-15 സാമ്പത്തിക വർഷം കേരളത്തിലേക്ക് അയച്ച ശരാശരി തുക എത്ര കോടി രൂപയാണെന്നാണ് നോർക്ക വിലയിരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) നോർക്കയുടെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് എവിടെയാണ് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ലയും താലൂക്കും ഏതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ബാങ്കുകളിൽ 2014-15 സാമ്പത്തിക വർഷം 109603 കോടി രൂപ പ്രവാസി നിക്ഷേപമുള്ളതായാണ് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (എസ്.എൽ.ബി.സി.) കണക്കാക്കിയിട്ടുള്ളത്.

(ബി) പ്രവാസി മലയാളി സെൻസസ് 2013 റിപ്പോർട്ടിലെ വിവരമനുസരിച്ച് ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ യു.എ.ഇ.യിലാണ് ജോലി ചെയ്യുന്നത്. (507087).

(സി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല മലപ്പുറം. താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

പ്രവാസി മലയാളികളുടെ പുനരധിവാസം

78 (2711) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി 2014-15-ലെ ബഡ്ജറ്റിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly